(ബി) മൺസൂൺ കാലത്ത് പ്രത്യേകമായി വിനോദസഞ്ചാരികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ മൺസൂൺ കാമ്പയിൻ എന്ന പരസ്യപ്രചാരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദേശീയ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിൽ പരസ്യങ്ങൾ, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ്പ്ലേ എന്നിവയും നൽകിവരുന്നു. ഈ വർഷത്തെ മൺസൂണിന്റെ ദൗർലഭ്യം വിനോദസഞ്ചാരികളുടെ കേരളത്തിലേയ്ക്കുള്ള വരവിനെ ബാധിച്ചതായി കാണുന്നില്ല.

(സി) മഞ്ഞുകാലത്ത് കൂടുതൽ ഉത്തരേന്ത്യൻ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിണർ റീചാർജ് പദ്ധതി

8 (*788) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കടിവെള്ളത്തിനും ഗാർഹിക ആവശ്യങ്ങൾക്കുമായി കിണറുകൾ ജല സമൃദ്ധമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് കിണർ റീചാർജിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കിണർ റീചാർജിംഗ് പദ്ധതിയുടെ ഭാഗമായി മേൽക്കൂരകളിൽനിന്നും പാത്തികൾവഴി മഴവെള്ളം ശേഖരിച്ച് കിണറുകൾ, കുഴൽ കിണറുകൾ എന്നിവയിൽ നേരിട്ടോ അല്ലെങ്കിൽ കിണറിന് സമീപത്തായി ചെറിയ മഴക്കുഴികൾ നിർമ്മിച്ച് അതിലേക്കോ കടത്തിവിടുന്നു. ചെറിയ തടയണകൾ, വി.സി.ബി. കൾ, അടിയണകൾ, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും കിണർ റീ ചാർജിംഗ് പദ്ധതിയിൽപ്പെടുത്തി ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) sub-surface dyke എന്നീ രീതികൾ ഈ പദ്ധതിയിൽപ്പെടുത്തി ജലനിധി വകുപ്പ് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂജല വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം 60 ലക്ഷം രൂപ ഈ പദ്ധതിയിൻ കീഴിൽ വകയിരുത്തിയിരുന്നു. ഇതിൽ 58.68 ലക്ഷംരൂപ ചെലവാക്കി 75 പദ്ധതികൾ നടപ്പാക്കി. ഈ വർഷം ഈ പദ്ധതിക്കുവേണ്ടി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ജലനിധി പദ്ധതി നടപ്പിലാക്കുന്ന ഓരോ പഞ്ചായത്തിനും പരമാവധി 30 ലക്ഷംരൂപ ഈയിനത്തിൽ ചെലവാക്കുന്നതാണ്. ഇതിന്റെ 20% ഗ്രാമ പഞ്ചായത്തും 80% കേരള സർക്കാരും വഹിക്കുന്നതാണ്.

വരൾച്ചാ പ്രതിരോധ പദ്ധതി

9 (*789) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മുൻവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച വരൾച്ചാ പ്രതിരോധ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ;

(സി) പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) മുൻ വർഷത്തെ ബജറ്റിൽ വരൾച്ചാ പ്രതിരോധ പദ്ധതിയൊന്നും പ്രഖ്യാപിച്ചിരുന്നില്ല. എന്നാൽ 2013-14 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ വരൾച്ചാ പ്രതിരോധ പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി 400 കോടി രൂപയുടെ 700 ചെക്ക്ഡാമുകൾ നിർമ്മിക്കുവാനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 106.60 കോടി രൂപയുള്ള 183 ചെക്ക്ഡാമുകൾ നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 19-3-2013-ലും 29-4-2013-ലും ജലവിഭവ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അവലോകനം നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly